**മധുരമായ കുട്ടികളെ- നിങ്ങൾക്ക് വളരെ വിചിത്രനായ ഉസ്താദിനേയാണ് ലഭിച്ചിരിക്കുന്നത്, നിങ്ങൾ ആ ഉസ്താദിന്റെ ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ ഡബിൾ കിരീടധാരീ ദേവതയായി മാറും.**

**ചോദ്യം-** പഠിപ്പിൽ ഒരിയ്ക്കലും ക്ഷീണം വരാതിരിക്കാനുള്ള സഹജമായ പുരുഷാർത്ഥം എന്താണ്?
**ഉത്തരം-** പഠിപ്പിനിടയിൽ ചിലപ്പോൾ നിന്ദ-സ്തുതി, മാനം-അഭിമാനം എന്നിവയുണ്ടാകാറുണ്ട് അപ്പോൾ സ്ഥിതി സമാനമാക്കിവെയ്ക്കു, അവയെല്ലാം ഒരു കളിമാത്രമാണെന്നു മനസ്സിലാക്കു എങ്കിൽ ഒരിയ്ക്കലും ക്ഷീണം വരില്ല. ഏറ്റവും കൂടുതൽ നിന്ദിച്ചത് കൃഷ്ണനെയാണ്, എത്ര കളങ്കം ചാർത്തി, എന്നിട്ട് അങ്ങിനെയുള്ള കൃഷ്ണനെത്തന്നെ പൂജിക്കുകയും ചെയ്യുന്നു. അതിനാൽ ഈ ഗ്ലാനി ലഭിക്കുക പുതിയ കാര്യമൊന്നുമല്ല അതിനാൽ പഠിപ്പിൽ ക്ഷീണിക്കരുത്, ഏതുവരെ ബാബ പഠിപ്പിക്കുന്നുവോ അതുവരെ പഠിച്ചുകൊണ്ടിരിക്കണം.

**ഗീതം-** സൃഷ്ടികർത്താവേ ജീവിതത്തിന്നാശ്രയം നിൻ നാമം..........

**ഓംശാന്തി**. ഇത് ആരാണ് പറഞ്ഞത്? ആരാണ് പ്രഖ്യാപിച്ചത്, ആരോടാണ്? ഇത് നിങ്ങൾ കുട്ടികൾക്കേ അറിയൂ, ആരെയാണോ ഗോപ- ഗോപികമാർ എന്ന് വിളിക്കുന്നത്. അങ്ങനെ അവർ തങ്ങളുടെ അച്ഛൻ ഗോപീവല്ലഭനെ ഓർമ്മിച്ചു. ഇങ്ങനെയൊരച്ഛൻ പരമപിതാ പരമാത്മാവല്ലാതെ മറ്റാരുമല്ല. അതിനാൽ ആരാണോ വന്നിട്ട് പോയത് അവരെയാണ് ഓർമ്മിക്കുന്നത്. പിന്നീട് അവർക്ക് മഹിമ പാടുന്നു. ഉദാഹരണത്തിന്- ക്രിസ്തു വന്നു, ക്രിസ്തുധർമ്മം സ്ഥാപിച്ചശേഷം എവിടെയും പോയിട്ടൊന്നുമില്ല, അദ്ദേഹത്തിന് തീർച്ചയായും പാലന ചെയ്യണം, പുനർജന്മത്തിൽ വരുകതന്നെവേണം. പക്ഷേ ധർമ്മസ്ഥാപകർ എന്ത് ചെയ്തിട്ടുപോയോ അതിനായി വർഷാവർഷം ജന്മദിനം ആഘോഷിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ അവരെ ഓർമ്മിക്കുന്നു. അതുപോലെത്തന്നെ ഇക്കാലത്ത് ദസറയും ആഘോഷിക്കുന്നു. ആഘോഷിക്കുന്നുവെങ്കിൽ തീർച്ചയായും അത് ശുഭകാര്യമായിരിക്കും. ആരെങ്കിലും നന്മ ചെയ്തിട്ടുപോയാൽ അതിനായി ഉത്സവം ആഘോഷിക്കുന്നു. ദീപാവലിയും ആഘോഷിക്കുന്നുണ്ട്. കൃഷ്ണജയന്തിയും ആഘോഷിക്കുന്നു. ആരാണോ വന്നിട്ട് പോയത് അവർക്കായി ഉത്സവങ്ങൾ നടത്തുന്നു. ഇപ്പോൾ ഭാരതവാസികൾക്ക് അറിയുകയേയില്ല ഈ രാഖി ഉത്സവം എന്തിനാണ് ആഘോഷിക്കുന്നത്. എന്താണ് സംഭവിച്ചത്? ക്രിസ്തുവിനേയും ബുദ്ധനേയും അറിയാം ഇവർ ധർമ്മം സ്ഥാപിക്കാനായി വന്നിരുന്നു. ഈ സമയത്ത് എല്ലാം ആസുരീയ സമ്പ്രദായത്തിലാണ്. നിങ്ങളാണ് ഈശ്വരീയ സമ്പ്രദായത്തിൽ. ഇപ്പോൾ അച്ഛൻ വന്ന് ശ്രേഷ്ഠാചാരിയായ ദേവതയാക്കി മാറ്റുന്നു അല്ലെങ്കിൽ ഇങ്ങനെ പറയാം പരമപിതാവ് വന്ന് സ്വർഗ്ഗത്തിന്റെ ഉദ്ഘാടനം ചെയ്യുകയാണ് അഥവാ അടിത്തറയിടുകയാണ്. ഉദ്ഘാടന വേളയാണെന്നും പറയാം. ഭാരതത്തിൽ ശ്രേഷ്ഠാചാരികളായ മഹാരാജാവും മഹാറാണിയും രാജ്യം ഭരിച്ച് പോയിട്ടുണ്ട്, സത്യയുഗത്തിലെ ദേവീദേവതകൾ ഇരട്ടക്കിരീടധാരികളായിരുന്നു. പവിത്രതയുടെ കിരീടവും രത്നജഡിത കിരീടവും ഉണ്ടായിരുന്നു. വികാരികളായ രാജാക്കന്മാർക്ക് കേവലം രത്നജഡിത കിരീടം മാത്രമേ ഉണ്ടാകൂ. ഒരു കിരീടം ധരിച്ചവർ ഇരട്ടക്കിരീടധാരികളെ പൂജിക്കുന്നു. എന്നാൽ എപ്പോഴാണ് അവർ രാജ്യം ഭരിച്ചത്, എങ്ങനെയാണ് രാജ്യം നേടിയത് എന്ന് ആർക്കും അറിയില്ല. ലക്ഷ്മീ- നാരായണൻ ഇത്രയും ശ്രേഷ്ഠമായ ഇരട്ടക്കിരീടധാരികളായ ദേവതകളായിരുന്നു, അവരെ ഇത്രയും ശ്രേഷ്ഠമാക്കി മാറ്റിയത് ആരാണ്, ഇതെല്ലാം അച്ഛനിരുന്ന് മനസ്സിലാക്കിത്തരുകയാണ്. ഇപ്പോൾ ദസറ ആഘോഷിക്കുന്നു, നിങ്ങൾക്ക് അറിയാം തീർച്ചയായും ദസറ ആഘോഷിക്കാൻ കാരണമായ എന്തോ സംഭവിച്ചിട്ടുണ്ട് അതിനാലാണ് രാവണനെ കത്തിക്കുന്നത്. പക്ഷേ രാവണൻ അങ്ങനെ കത്തുന്ന സാധനമല്ല. ഇപ്പോൾ രാവണന്റെ രാജ്യം പൂർത്തിയായി. ഏതുവരെ രാമരാജ്യത്തിന്റെ സ്ഥാപന നടക്കുന്നില്ലയോ അതുവരെ ഈ ഭ്രഷ്ടാചാരീ ലോകം തുടരും. രാവണരാജ്യം അവസാനിച്ച് രാമരാജ്യത്തിന്റെ സ്ഥാപന നടന്നിട്ടുണ്ട്, അതിന്റെ ഓർമ്മയ്ക്കാണ് ആഘോഷിച്ചുകൊണ്ടിരിക്കുന്നത്. രാവണനെ കത്തിക്കുന്നതിൽ നിന്ന് തെളിയുന്നുണ്ട് തീർച്ചയായും ഇത് ഭ്രഷ്ടാചാരീ ആസുരീയ ലോകമാണ്. ഭ്രഷ്ടാചാരത്തിനും ഗ്രേഡുകൾ ഉണ്ട്. ഭ്രഷ്ടാചാരം ദ്വാപരം മുതലാണ് ആരംഭിക്കുന്നത്. ആദ്യം ഭ്രഷ്ടാചാരം 2 കലയായിരിക്കും, പിന്നീട് 8 കല, പിന്നെ 10 കല, വർദ്ധിച്ച് വർദ്ധിച്ച് ഭ്രഷ്ടാചാരം 16 ആയിരിക്കുന്നു. ഇപ്പോൾ വീണ്ടും 16 കലയുള്ള ഭ്രഷ്ടാചാരത്തെ മാറ്റി 16 കലാ ശ്രേഷ്ഠാചാരിയാക്കി മാറ്റുക എന്നത് ഒരേ ഒരു അച്ഛന്റെതന്നെ ജോലിയാണ്.

അച്ഛൻ മനസ്സിലാക്കിത്തരുകയാണ് ഈ സമയം രാവണരാജ്യമാണ്, രാമരാജ്യം വളരെ ശ്രേഷ്ഠരാജ്യമാ

യിരുന്നു. ഇപ്പോൾ അതി ഭ്രഷ്ടമായി. ശ്രേഷ്ഠാചാരീ ഭാരതത്തെ സ്വർഗ്ഗം എന്നാണ് പറഞ്ഞത്. ഇപ്പോൾ അതേ രാജ്യം ഭ്രഷ്ടാചാരിയായിരിക്കുന്നു. ഇപ്പോൾ അച്ഛൻ പറയുന്നു– ഭ്രഷ്ടാചാരീ ലോകത്തെ ശ്രേഷ്ഠാചാരീ ലോകമാക്കി മാറ്റുന്നതിനായി ഞാൻ വന്നിരിക്കുകയാണ്. യാദവകുലവുമുണ്ട്, കൗരവകുലവുമുണ്ട്. യാദവകുലത്തിലും അനേക ധർമ്മങ്ങളുണ്ട്. ആരാണോ ശ്രേഷ്ഠാചാരീ ദേവതാ ധർമ്മത്തിലുണ്ടായിരുന്നത് അവർ ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമായിരിക്കുന്നു, ബാബ വീണ്ടും ശ്രേഷ്ഠ കർമ്മം പഠിപ്പിക്കുകയാണ്. ഭക്തിമാർഗ്ഗത്തിൽ അനേകം ഉത്സവങ്ങൾ ആഘോഷിച്ച് വന്നു. തീർച്ചയായും ഭഗവാൻ വന്നിരുന്നു, 5000 വർഷത്തിന്റെ കാര്യമാണ്. അച്ഛൻ വന്ന് ഭ്രഷ്ടാചാരിയെ ശ്രേഷ്ഠാചാരിയാക്കിയിരുന്നു. മുഴുവൻ ലോകത്തേയും ശ്രേഷ്ഠാചാരിയാക്കി മാറ്റുക എന്നത് അച്ഛന്റെ മാത്രം ജോലിയാണ്, പിന്നീട് അതിന്റെ പാലന ചെയ്യാൻ നിങ്ങളെ മുകളിൽ നിന്നും അയയ്ക്കുന്നു. നിങ്ങൾ ഏത് ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപനയാണോ ചെയ്തത്, പോയി അതിന്റെ പാലന ചെയ്യൂ. ഇങ്ങനെ ആരും പറയുന്നില്ല, ഡ്രാമ അനുസരിച്ച് സ്വതവേ എല്ലാം സംഭവിക്കുമെന്ന്. നിങ്ങൾ ശ്രേഷ്ഠാചാരിയായി മാറും പിന്നീട് സൃഷ്ടിയും സതോപ്രധാനവും ശ്രേഷ്ഠാചാരിയുമായിത്തീരും. ഇപ്പോളാണെങ്കിൽ 5 തത്വങ്ങളും തമോപ്രധാനമാണ്. എത്ര അപകടങ്ങളാണ് ഉണ്ടാകുന്നത്. മനുഷ്യർ എത്ര ദുഃഖിയാകുന്നു. കോടികളുടെ നഷ്ടമുണ്ടാകുന്നു. സത്യയുഗത്തിൽ ഇത്തരത്തിലുള്ള ഒരു ഉപദ്രവവും ഉണ്ടാകില്ല. ഉപദ്രവങ്ങൾ ഉണ്ടാകുന്നത് നരകത്തിലാണ്. ഉപദ്രവങ്ങളും ആദ്യം 2 കലയായിരുന്നു, ഇപ്പോൾ 16 കലയുള്ളവരായി മാറി. ഇത് വളരെ വിസ്താരത്തിൽ പറഞ്ഞുതരേണ്ട കാര്യങ്ങളാണ് മാത്രമല്ല അതി സഹജവുമാണ്, പക്ഷേ മനസ്സിലാക്കുന്നില്ല, മനസ്സിലാക്കാൻ സാധിക്കുകയുമില്ല. രാവണനെ കത്തിക്കാൻ തുടങ്ങിയത് ദ്വാപരം മുതലാണ്. 5000 വർഷമായി തുടങ്ങിയിട്ട് എന്ന് പറയില്ല. ഭക്തി മാർഗ്ഗം തുടങ്ങുമ്പോൾ ഈ ഉപദ്രവവും തുടങ്ങുന്നു. ഇപ്പോൾ വീണ്ടും രാവണരാജ്യത്തിന്റെ വിനാശവും രാമരാജ്യത്തിന്റെ സ്ഥാപനയും എങ്ങനെയാണ് ഉണ്ടാകുന്നത് എന്ന് നിങ്ങൾക്കറിയാം. രാവണൻ എന്താണ് എന്നത് മനുഷ്യർക്ക് അറിയില്ല. ബാബ പറയുന്നു ലങ്കയൊന്നും യഥാർത്ഥത്തിൽ ഉണ്ടായിരുന്നില്ല. സത്യയുഗത്തിൽ ലങ്ക ഉണ്ടാകില്ല. വളരെ കുറച്ച് മനുഷ്യരെ ഉണ്ടാകു. യമുനയുടെ തീരത്തായിരിക്കും. അജ്മീറിൽ വൈകുണ്ഠത്തിന്റെ മോഡലും കാണിക്കുന്നുണ്ട് എന്നിട്ടും മനസ്സിലാക്കുന്നില്ല. സ്വർണ്ണത്തിന്റെ കൊട്ടാരങ്ങൾ ഉണ്ടാക്കാൻ പോലും അവിടെ അധികം സമയമെടുക്കില്ല. യന്ത്രം കൊണ്ട് പെട്ടെന്ന് മുറിച്ച് ടൈൽസ് ഉണ്ടാക്കുന്നു.

ഇവിടെ വിനാശം ഉണ്ടാക്കുന്ന സയൻസ് തന്നെയാണ് അവിടെ നിങ്ങൾക്ക് ഉപയോഗത്തിൽ വരിക. ഇക്കാര്യം നിങ്ങൾ കുട്ടികൾക്ക് അറിയാം. ഇപ്പോൾ വിമാനങ്ങൾ സന്തോഷത്തിനു വേണ്ടിയാണ് ഉണ്ടാക്കുന്നത് എന്നാൽ ഇതുകൊണ്ടുതന്നെയാണ് വിനാശവും ചെയ്യുക. അതിനാൽ ഈ വിമാനം സുഖത്തിനുവേണ്ടിയും ഒപ്പം ദുഃഖത്തിനുവേണ്ടിയുമുള്ളതാണ്. സുഖം അല്പകാലത്തിലേയ്ക്കാണ്. 100 വർഷങ്ങൾക്കുള്ളിലാണ് ഈ സാധനങ്ങളെല്ലാം വന്നത്. അതായത് 100 വർഷങ്ങൾക്കുള്ളിലാണ് ഇതെല്ലാം സംഭവിച്ചത്. അതിനാൽ നിങ്ങൾ ചിന്തിക്കണം വിനാശത്തിനു ശേഷം പുതിയലോകത്ത് വീണ്ടും ഈ സാധനങ്ങൾ മുഴുവൻ ഉണ്ടാക്കാൻ എത്ര കുറഞ്ഞ സമയം മതിയാകും. അവിടെ പെട്ടെന്ന് തന്നെ സ്വർണ്ണക്കൊട്ടാരം ഉണ്ടാക്കിക്കഴിയും. ഭാരതത്തിൽ സ്വർണ്ണവും വെള്ളിയും കൊണ്ട് അലങ്കരിച്ച എത്ര കൊട്ടാരങ്ങൾ ഉണ്ടാക്കിയിരുന്നു. അവിടെയുള്ള സഭ വളരെ വലുതായിരിക്കും. രാജാവും രാജ്യവാസികളും പരസ്പരം സഭ ചേരും. അതിനെ പാണ്ഡവ സഭ എന്ന് പറയില്ല. അതിനെ ലക്ഷ്മീ നാരായണന്മാരുടെ രാജധാനിയിലെ സഭ എന്നാണ് പറയുക. രാജകുമാരന്മാരും രാജകുമാരിമാരും എല്ലാവരും വന്നിരിക്കും. ബ്രിട്ടീഷ് ഗവൺമെന്റും രാജകുമാരന്മാരുടേയും രാജകുമാരിമാരുടേയും മഹാരാജാക്കന്മാരുടേയും വളരെ വലിയ സഭ കൂടുമായിരുന്നു. എല്ലാ രാജാക്കന്മാരും കിരീടം അണിഞ്ഞ് ആസനസ്ഥരാകും. ബാബ നേപ്പാളിലേയ്ക്ക് പോകുമ്പോൾ അവിടെ റാണാ കുടുംബത്തിന്റെ സഭ നടക്കുമായിരുന്നു. വലിയ കിരീടം ധരിച്ച കുടുംബാംഗം ഇരിക്കുമായിരുന്നു. അവരെ മഹാരാജാ മഹാറാണി എന്നു വിളിക്കുമായിരുന്നു, പിന്നീട് അവരിലും നമ്പർവൈസ് ആയിരിക്കും. റാണിമാർ ഇരിക്കില്ലായിരുന്നു. അവർ തിരശ്ശീലയ്ക്കു പിന്നിലായിരിക്കും. വളരെ പ്രൗഢിയോടെ ഇരിക്കും. ഞങ്ങൾ പറയുമായിരുന്നു ഇത് പാണ്ഢവ രാജ്യമാണെന്ന്. അവർ സ്വയം ഞങ്ങൾ സൂര്യവംശികളാണ് എന്നാണ് പറയുക. പക്ഷേ ഇവിടെയുള്ളത് ഒരു കിരീടം ധരിച്ച രാജാക്കന്മാരാണ്. അവർക്ക് മുമ്പ് ഇരട്ടക്കിരീടമുള്ളവരായിരുന്നു. കൃഷ്ണനെക്കുറിച്ച് അനേകം കാര്യങ്ങൾ എഴുതിയിട്ടുണ്ട്– ഇന്നയാളെ കട്ടുകൊണ്ടുപോയി, ഇന്നതെല്ലാം ചെയ്തു. പക്ഷേ അങ്ങനെയുള്ള കാര്യമേയില്ല.

എന്ത് ഉത്സവമാണോ കഴിഞ്ഞുപോയത് അത് വീണ്ടും ആഘോഷിച്ചുവരുന്നു. ദസറയും ആഘോഷിക്കുന്നു. രാവണരാജ്യത്തിന്റെ വിനാശം ചെയ്ത് രാമരാജ്യത്തിന്റെ സ്ഥാപന ചെയ്തു, ഇത് വർഷാവർഷം ആഘോഷിക്കുന്നു. ഇതിൽ നിന്നും സിദ്ധമാകുന്നുണ്ട് 5000 വർഷങ്ങൾക്കു മുമ്പും രാവണരാജ്യമുണ്ടായി

രുന്നു. അച്ഛൻ വന്നിരുന്നു, വന്ന് രാവണരാജ്യത്തിന്റെ വിനാശം ചെയ്തിരുന്നു. അതേ മഹാഭാരതയുദ്ധമാണ് മുന്നിൽ നിൽക്കുന്നത്. ബാക്കി രാവണൻ എന്ന് പറയുന്ന ഒരു സാധനമൊന്നുമില്ല. രാവണന്റെ പത്നിയായി മണ്ഡോദരിയെ കാണിച്ചിരിക്കുന്നു. അവർക്ക് 10 തലയുള്ളതായി കാണിക്കുന്നില്ല. രാവണന് 10 തലയുള്ളതായി കാണിക്കുന്നു. വിഷ്ണുവിന് 4 ഭുജങ്ങൾ കാണിച്ചിരിക്കുന്നു. രണ്ടെണ്ണം ലക്ഷ്മിയുടേയും രണ്ടെണ്ണം നാരായണന്റേയുമാണ്. അതുപോലെ രാവണന് 10 തലകൾ കാണിക്കുന്നു- 5 വികാരം രാവണന്റേയും 5 വികാരം മണ്ഡോദരിയുടേയും. ചതുർഭുജനായ വിഷ്ണുവിനേയും അർത്ഥ സഹിതമാണ് കാണിച്ചിരിക്കുന്നത്. മഹാലക്ഷ്മിയേയാണ് പൂജിക്കുന്നതും. മഹാലക്ഷ്മിയെ ഒരിയ്ക്കലും രണ്ട് ഭുജമുള്ളവരായി കാണിക്കില്ല. ദീപാവലി സമയത്ത് ലക്ഷ്മിയെ ആഹ്വാനം ചെയ്യുന്നു. എന്തുകൊണ്ട്, എന്താ നാരായണൻ എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടോ? ലക്ഷ്മിയ്ക്കും ധനം നാരായണനായിരിക്കില്ലേ നൽകുക. ഹാഫ് പാർട്ട്ണർ ആണ്. എങ്കിൽ നാരായണൻ എന്ത് തെറ്റാണ് ചെയ്തത്? വാസ്തവത്തിൽ ധനം ലക്ഷ്മിയിൽ നിന്നും ലഭിക്കില്ല, ധനം ലഭിക്കുന്നത് ജഗദംബയിൽ നിന്നാണ്. നിങ്ങൾക്ക് അറിയാം ജഗദംബ തന്നെയാണ് പിന്നീട് ലക്ഷ്മിയാകുന്നത്. അതിനാൽ അവർ പരസ്പരം മാറ്റിക്കളഞ്ഞു. ജഗദംബയോടാണ് എല്ലാ വസ്തുക്കളും ചോദിക്കുന്നത്. എന്തെങ്കിലും ദുഃഖം ഉണ്ടായാൽ, കുട്ടി മരിച്ചുപോയാൽ ജഗദംബയോട് പറയും രക്ഷിക്കൂ, കുട്ടിയെ നൽകു, അസുഖത്തിൽ നിന്നും മുക്തമാക്കു. വളരെ കാമനകൾ വെയ്ക്കുന്നു. എന്നാൽ ലക്ഷ്മിയുടെ മുന്നിൽ കേവലം ഒരു കാമന മാത്രമാണ് വെയ്ക്കുന്നത്- ധനത്തിന്റെ. കഴിഞ്ഞു. ജഗദംബ മുഴുവൻ കാമനകളും പൂർത്തീകരിക്കുന്നവരാണ്. ധനവാനാക്കി മാറ്റുന്നതും ഇവരാണ്. ഈ സമയത്ത് നിങ്ങളുടെ മുഴുവൻ കാമനകളും പൂർത്തീകരിക്കുന്നു. ഇവിടെ ധനമല്ല നൽകുന്നത്, കേവലം പഠിപ്പിക്കുന്നു- അതിലൂടെ നിങ്ങൾ എന്തിൽ നിന്നും എന്തായി മാറുന്നു പിന്നീട് ലക്ഷ്മിയായി മാറുമ്പോൾ ധനവാനുമാകുന്നു. നിങ്ങളുടെ കൈവശം ശക്തിയുണ്ട് അതിനാൽ നിങ്ങൾക്ക് സർവ്വകാമനകളേയും പൂർത്തീകരിക്കാൻ സാധിക്കും. ജഗദംബ ദാനം ചെയ്തിരുന്നു, ലക്ഷ്മി ദാനം ചെയ്യുമോ. അവിടെ ദാനം നൽകാറില്ല. പട്ടിണിയായി ആരും ഉണ്ടാകില്ല. പാപ്പരായി ആരുമുണ്ടാകില്ല. സത്യയുഗത്തിൽ രാവണൻ ഉണ്ടാകില്ല. ഇവിടെയാണെങ്കിൽ രാവണനെ കത്തിക്കുന്നു. ദസറയ്ക്കു ശേഷം ദീപാവലി ആഘോഷിക്കുന്നു, സന്തോഷിക്കുന്നു എന്തുകൊണ്ടെന്നാൽ രാവണരാജ്യത്തിന്റെ വിനാശത്തിനു ശേഷം രാമരാജ്യത്തിന്റെ സ്ഥാപന ഉണ്ടാകുന്നു അപ്പോൾ സന്തോഷമുണ്ടാകില്ലേ. വീടുതോറും പ്രകാശമയമാകും. നിങ്ങളുടെ ആത്മാവിലേയ്ക്ക് പ്രകാശം വരുന്നു. എന്തെല്ലാം കാര്യങ്ങൾ സംഗമത്തിലുണ്ടോ അതൊന്നും സത്യയുഗത്തിൽ ഉണ്ടാകില്ല. നിങ്ങൾ ത്രികാലദർശികളാണ് എന്നാൽ അവിടെ പ്രാലബ്ധം അനുഭവിക്കുകയാണ്. ഈ മുഴുവൻ ജ്ഞാനവും മറന്നുപോകും. സംഗമത്തിൽ തന്നെയാണ് സ്ഥാപനയും വിനാശവും. സ്ഥാപന കഴിഞ്ഞാൽ തീർന്നു. ഈ മുഴുവൻ ഉത്സവങ്ങളുടേയും ജ്ഞാനം നിങ്ങൾക്കുണ്ട്. അജ്ഞാനികളായ മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. വളരെ അധികം വ്യാപിപ്പിച്ചിട്ടുണ്ട് പക്ഷേ കാര്യമൊന്നുമില്ല. നിങ്ങൾ പ്രാക്ടിക്കലായി കാണുന്നുണ്ട് സത്യയുഗത്തിൽ ഇക്കാര്യങ്ങൾ ഉണ്ടാകില്ല. നാരദന്റെ കാര്യവും ശാസ്ത്രങ്ങളിലുണ്ട്. നിങ്ങളോടും ചോദിക്കാറുണ്ട്- നിങ്ങൾ പറയും ബാബാ ഞാൻ ലക്ഷ്മിയെ വരിക്കും അഥവാ നാരായണനെ വരിക്കും. അപ്പോൾ അച്ഛൻ പറയും സ്വയത്തെ നോക്കു ഉള്ളിൽ ഒരു വികാരവും ഇല്ലല്ലോ. അഥവാ ക്രോധം മുതലായവ ഉണ്ടെങ്കിൽ എങ്ങനെ വരിക്കാൻ സാധിക്കും? അതെ, ഇപ്പോൾ ആരും സമ്പൂർണ്ണമായി മാറിയിട്ടില്ല. പക്ഷേ ആവണം, ഈ ഭൂതങ്ങളെ ഓടിക്കണം എങ്കിലേ ആ ഉയർന്ന ലക്ഷ്യം നേടാൻ കഴിയൂ. വളരെ വിചിത്രനായ ഉസ്താദിനേയാണ് ലഭിച്ചിരിക്കുന്നത്. അച്ഛൻ സർവ്വഗുണ സമ്പന്നനും ജ്ഞാനസാഗരനും ആനന്ദ സാഗരനുമാണ് അതിനാൽ ആരാണോ വന്ന് കുട്ടിയാകുന്നത് അവരേയും സർവ്വഗുണ സമ്പന്നനും ഇരട്ടക്കിരീടധാരീ ദേവതയുമാക്കി മാറ്റുന്നു. നിങ്ങൾ അതുപോലെയായി മാറുകയാണ്. ദേവതകൾക്ക് രണ്ട് കിരീടങ്ങൾ ഉണ്ടാകും. നിങ്ങൾ അച്ഛനിൽ നിന്നും സമ്പത്ത് എടുക്കാൻ വന്നിരിക്കുകയാണ്. സമ്പത്ത് എടുക്കണം, പഠിക്കണം. പോയിന്റുകൾ വളരെയേറെ തന്നുകൊണ്ടിരിക്കും. അഥവാ പഠിക്കുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും? ഡ്രാമ അതേപോലെ ആവർത്തിക്കുകയാണ്. ഈ ജ്ഞാനം നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു പിന്നീട് ഇത് കാണാതെ പോകും. ലങ്ക മുതലായ സ്ഥലങ്ങളെക്കാണിച്ചിരിക്കുന്നു എന്നാൽ അങ്ങനെയൊന്നുമില്ല. രാവണന്റെ ജന്മം എപ്പോഴാണ് ഉണ്ടായത്? എഴുതിയിട്ടുണ്ട് ദ്വാപരം മുതൽ ദേവതകൾ വാമമാർഗ്ഗത്തിലേയ്ക്ക് പോയപ്പോൾ വികാരിയാവാൻ ആരംഭിച്ചു. ഭക്തിയും ആദ്യം അവ്യഭിചാരിയായിരുന്നു പിന്നീട് അതും വ്യഭിചാരീ ഭക്തിയായിത്തീർന്നു. ഇപ്പോൾ മനുഷ്യർ തന്റെതന്നെ പൂജ ചെയ്യുന്നതിൽ ബിസിയാണ്. അച്ഛൻ പറയുന്നു ഞാൻ വരുന്നത് ഭ്രഷ്ടാചാരീ ലോകത്തിന്റെ വിനാശവും ശ്രേഷ്ഠാചാരീ ലോകത്തിന്റെ സ്ഥാപനയും ചെയ്യുന്നതിനാണ്. തീർച്ചയായും ആദ്യം സ്ഥാപന ചെയ്യും അതിനുശേഷം വിനാശവും. ഇത് എന്റെ കല്പ കല്പത്തിലെ പാർട്ടാണ്. ഭ്രഷ്ടാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയാവുന്നതിന് സമയമെടുക്കും. ഏതുവരെ ബാബ ഇരുന്ന് പഠിപ്പിക്കുന്നോ, അതുവരെ പഠിക്കണം. കല്പം മുമ്പ് ആര് എത്ര പഠിച്ചോ അത്രയേ പഠിക്കൂ. വളരെയധികം കുട്ടികൾ മുന്നോട്ടുപോകവേ

പറയുന്നു- മതി, ഇനി മുന്നോട്ട് പോകാൻ സാധിക്കില്ല. സ്തുതി-നിന്ദ, മാനം-അപമാനം ഇതെല്ലാമുണ്ടാകും. നിങ്ങൾ അതിന് പഠിപ്പ് ഉപേക്ഷിക്കുന്നത് എന്തിനാണ്. ഏറ്റവും കൂടുതൽ നിന്ദിക്കപ്പെട്ടത് കൃഷ്ണനാണ്. എത്ര കളങ്കമാണ് ചാർത്തിയത്. പിന്നീട് ഇങ്ങനെയുള്ള കൃഷ്ണനെ പൂജിക്കുന്നത് എന്തിനാണ്? വാസ്തവത്തിൽ ഗ്ലാനി ഇപ്പോൾ ഇദ്ദേഹത്തിനാണ്(ബ്രഹ്മാവിന്) ലഭിക്കുന്നത്. മുഴുവൻ സിന്ധിലും നിന്ദ ഉണ്ടായി എന്നാൽ ഒന്നും ചെയ്യാൻ പറ്റിയില്ല. ഇതുമുഴുവൻ കളിയാണ്. പുതിയ കാര്യമല്ല, കല്പം മുമ്പും ഗ്ലാനി കേട്ടിട്ടുണ്ട്, നദി അക്കരെ കടന്നിട്ടുണ്ട്. നിങ്ങൾ സിന്ധിൽ നിന്നും ഇക്കരെ വന്നില്ലേ. കൃഷ്ണനുണ്ടായിരുന്നില്ല, ഈ ദാദയാണ് വരുന്നതും പോകുന്നതും. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മൾ രാജ്യം നേടുകയാണ് പിന്നീട് നഷ്ടപ്പെടുത്തുകയും ചെയ്യും. ഇതും കളിയാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിക്കുന്നവരായ കാമധേനു(ജഗദംബ)വായി മാറണം. ദാനം നൽകിക്കൊണ്ടിരിക്കണം.

2. സ്തുതിയിലും നിന്ദയിലും സ്ഥിതി സമാനമാക്കി വെയ്ക്കണം. ഇതെല്ലാം ഉണ്ടായാലും പഠിപ്പ് ഉപേക്ഷിക്കരുത്. ഇതിനെയെല്ലാം കളിയാണെന്നു മനസ്സിലാക്കി മറികടക്കണം.

## വരദാനം - തന്റെ ശക്തിസ്വരൂപത്തിലൂടെ അലൗകികതയുടെ അനുഭവം ചെയ്യിക്കുന്ന ജ്വാലാരൂപമായി ഭവിക്കട്ടെ.

ഇപ്പോൾ വരേക്കും ദീപത്തിന്റെ ആകർഷണമുണ്ട്, ബാബയുടെ കർത്തവ്യം നടന്നുകൊണ്ടിരിക്കുകയാണ്, കുട്ടികളുടെ കർത്തവ്യം ഗുപ്തമാണ്. എന്നാൽ താങ്കൾ സ്വന്തം ശക്തിസ്വരൂപത്തിൽ സ്ഥിതി ചെയ്യുമെങ്കിൽ സമ്പർക്കത്തിൽ വരുന്ന ആത്മാക്കൾ അലൗകികതയുടെ അനുഭവം ചെയ്യും. നല്ലത്, നല്ലത് എന്നു പറയുന്നവർക്ക് നല്ലതാകാൻ പ്രേരണ അപ്പോൾ ലഭിക്കും; സംഘടിതരൂപത്തിൽ താങ്കൾ ജ്വാലാസ്വരൂപവും ലൈറ്റ്ഹൗസുമാകുമ്പോൾ. മാസ്റ്റർ സർവശക്തിവാന്റെ സ്റ്റേജ്, സ്റ്റേജിലേക്കു വരൂ എങ്കിൽ എല്ലാവരും താങ്കളുടെ മുന്നിൽ ഈയാംപാറ്റയെപ്പോലെ ചുറ്റിക്കറങ്ങാൻ തുടങ്ങും.

## സ്ലോഗൻ -തന്റെ കർമേന്ദ്രിയങ്ങളെ യോഗാഗ്നിയിൽ തപം ചെയ്യിക്കുന്നവർ തന്നെയാണ് സമ്പൂർണ പാവനമാകുന്നത്